പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2335 — 05.12.2018 -ൽ മറുപടിക്ക്

**പ്രളയവുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ. പി. തിലോത്തമൻ** **(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രളയബാധിത മേഖലയിലുള്ളവർക്ക് ഭക്ഷ്യവകുപ്പ് ലഭ്യമാക്കിയ സഹായങ്ങൾ വ്യക്തമാക്കാമോ ; | (എ) പ്രളയ ബാധിതമായി പ്രഖ്യാപിച്ച 11 ജില്ലകളിലെ എല്ലാ വിഭാഗം കാർഡ് ഉടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷൻ വിതരണത്തോടൊപ്പം നൽകിയിരുന്നു. ഇതിനു പുറമെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് അധിക വിഹിതമായി ലഭിച്ച 89540 മെട്രിക് ടൺ അരി കൈകാര്യ ചെലവ് മാത്രം ഈടാക്കി സംസ്ഥാനത്തെ മുഴുവൻ മുൻഗണനേതര കാർഡുകൾക്കും പ്രതിമാസം 5 കിലോഗ്രാം വീതം 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം നടത്തുന്നു. പ്രളയ ദുരിതാശ്വാസമായി സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോഗ്രാം അരി സൗജന്യമായി അനുവദിച്ചിരുന്നു. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ സബ്സിഡിയില്ലാത്ത 12000 കിലോലിറ്റർ മണ്ണെണ്ണ, കൈകാര്യ ചെലവ് സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് കേന്ദ്രം നൽകുന്ന നിരക്കിൽ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ പ്രളയത്തിൽ നഷ്ടപ്പെട്ട റേഷൻ കാർഡുകൾക്ക് പകരം കാർഡ് നല്കുകയും എൽ.പി.ജി സിലിണ്ടറുകൾ നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുകയും ചെയ്തു.<br>പ്രളയ ബാധിത സമയത്ത് എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യ വസ്തുക്കൾ, മറ്റു അവശ്യസാധനങ്ങൾ എന്നിവ സപ്ലൈകോ മുഖേന നൽകിയിരുന്നു. ക്യാമ്പുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പനശാലകളിൽ നിന്നും നൽകുകയുണ്ടായി. നിലവിൽ, പ്രളയബാധിതരിലെ ദുർബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം 500/- രൂപ വില വരുന്ന അവശ്യ വസ്തുക്കൾ ഉൾക്കൊള്ളിച്ച ഉപജീവനക്കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും സപ്ലൈകോ മുഖേന നടത്തി വരുന്നു. |
| (ബി) പ്രളയത്തെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവെയ്ക്കുന്നതായും അമിതവില ഈടാക്കുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ബി) ചില ഒറ്റപ്പെട്ട പരാതികൾ പ്രളയകാലത്ത് ശ്രദ്ധയിൽ പ്പെട്ടിരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് സജീവമായി ഇടപെട്ട് ടി പരാതികൾ പരിഹരിച്ചിട്ടുണ്ട്. പ്രളയാനന്തരം യാതൊരുവിധ വില വർദ്ധനയും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്ന് മാത്രമല്ല ഭക്ഷ്യധാന്യങ്ങളുടെയും അവശ്യസാധനങ്ങളുടെയും വില പിടിച്ചു നിർത്തുന്നതിൽ വകുപ്പ് സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചത്. |

സെക്ഷൻ ഓഫീസർ